നം. സി.ജി.എൽ (3)/48888/2023/സി.ജി.ഇ.

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം.
തീയതി: 08/12/2023

# സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - പരീക്ഷാഭവൻ - എസ്.എസ്.എൽ.സി പരീക്ഷ മാർച്ച് 2024 - ഗൾഫ്, ലക്ഷദ്വീപ് മേഖലകളിലെ സ്കൂളുകളിൽ ഡപ്യൂട്ടി ചീഫ് സൂപ്രണ്ടുമാരെ നിയമിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. ജി.ഒ (എം.എസ്) നം.255/09/ജന.എഡ്യൂ.തീയതി 28/12/2009.
2. 16/10/2023-ലെ സി.ജി.എൽ.1/42000/2023/സി.ജി.ഇ നമ്പർ പരീക്ഷാവിജ്ഞാപനം.

*******

2024 മാർച്ചിൽ നടക്കുന്ന എസ്.എസ്.എൽ.സി പരീക്ഷയുടെ സുഗമമായ നടത്തിപ്പിനായി ഗൾഫ്, ലക്ഷദ്വീപ് മേഖലകളിലെ പരീക്ഷാസെന്ററുകളിലെ ഡപ്യൂട്ടി ചീഫ് സൂപ്രണ്ടുമാരുടെ നിയമനം സൂചന (1) പ്രകാരമുള്ള ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് സർക്കാർ നടത്തുന്നതാണ്. ആയതിലേയ്ക്കുള്ള അപേക്ഷ iExaMS-ന്റെ വെബ്സൈറ്റ് (https://sslcexam.kerala.gov.in) വഴി ഓൺലൈനായാണ് സ്വീകരിക്കുന്നത്. ആയതിലേയ്ക്കായി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. iExaMS-ന്റെ https://sslcexam.kerala.gov.in - ലെ Latest News -നു താഴെയുള്ള Deputy Chief Superintendent (Gulf/Lakshadweep) എന്ന ലിങ്കിലൂടെ **12/12/2023 മുതൽ 16/12/2023 വരെ** അധ്യാപകർ അപേക്ഷ ഓൺലൈനായി പൂർത്തീകരിച്ച് പ്രഥമാധ്യാപകന് ഫോർവേഡ് ചെയ്യേണ്ടതാണ്.
2. സൂചന (1) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അപേക്ഷ സ്വീകരിക്കേണ്ടത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.
3. അധ്യാപകർ ഫോർവേഡ് ചെയ്യുന്ന അപേക്ഷകൾ പ്രഥമാധ്യാപകർ സർവ്വീസ് ബുക്കുമായി ഒത്തുനോക്കി ശരിയാണെങ്കിൽ അപ്രൂവ് ചെയ്ത് ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് ഫോർവേഡ് ചെയ്യേണ്ടതാണ്.

4. അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധരേഖകളും പ്രഥമാധ്യാപകരിൽ നിന്നും ജില്ലാ വിദ്യാഭ്യാസ ആഫീസിൽ സ്വീകരിച്ച് സൂക്ഷിക്കേണ്ടതാണ്.
5. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ ലോഗിനിൽ ലഭ്യമാകുന്ന, പ്രഥമാധ്യാപകർ ഫോർവേഡ് ചെയ്യുന്ന അപേക്ഷകൾ ഖണ്ഡിക 4 പ്രകാരം സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളുമായി പരിശോധിച്ച് പരീക്ഷാഭവനിലേയ്ക്ക് ഓൺലൈനായി ഫോർവേഡ് ചെയ്യേണ്ടതാണ്.
6. അധ്യാപകർക്ക് **12/12/2023 മുതൽ 16/12/2023 വരെ** ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. സാധുതയുള്ള അപേക്ഷകൾ പ്രഥമാധ്യാപകർ **18/12/2023** **വൈകുന്നേരം 5 മണിക്ക്** മുൻപായി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കണം. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ **21/12/2023** **വൈകുന്നേരം 5 മണിക്ക്** മുൻപായി സാധുതയുള്ള അപേക്ഷകൾ പരീക്ഷാ ഭവനിലേയ്ക്ക് ഓൺലൈനായി ഫോർവേഡ് ചെയ്യേണ്ടതാണ്.
7. നിർദ്ദിഷ്ട യോഗ്യതയില്ലാത്ത അധ്യാപകരെ ശുപാർശ ചെയ്യുന്ന പ്രഥമാധ്യാപകർക്കും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കുമെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.
8. ഗൾഫ്/ലക്ഷദ്വീപ് ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാരുടെ നിയമനം സംബന്ധിച്ച അന്തിമ തീരുമാനം സർക്കാർ തലത്തിൽ കൈകൊള്ളുന്നതാണ്.

**സെക്രട്ടറി**

സ്വീകർത്താവ്: -

1. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
2. എല്ലാ പ്രഥമാധ്യാപകർക്കും (ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)
3. എല്ലാ ഹൈസ്കൂൾ അധ്യാപകർക്കും (പ്രഥമാധ്യാപകർ മുഖേന)
4. കരുതൽ ഫയൽ.